## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5512

27/03/2018-ൽ മറുപടിയ്ക്ക്

# ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇന്ദിരാ ആവാസ് യോജന, ഇ. എം. എസ്. ഭവന പദ്ധതികൾ പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് താത്ക്കാലിക നിയമനം ലഭിച്ചവർ തുടങ്ങിയവർക്ക് ഭവന നിർമ്മാണ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമുണ്ടോ എന്നറിയിക്കുമോ; | (എ) | ഇല്ല. |
| (ബി) | മേൽ സൂചിപ്പിച്ചവർക്ക് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണ ആനുകൂല്യത്തിന് അർഹതയുണ്ടോ; | (ബി) | താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ഇവരുടെ അർഹത നിർണയിക്കുന്നതാണ്.<br>● ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ് .<br>● സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് .<br>● വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>● ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപറേഷൻ പ്രദേശത്ത് അഞ്ചു സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടികവർഗ്ഗത്തിന് ബാധകമല്ല ) |

| | | | |
|---|---|---|---|
| | | | • ഉപജീവനതൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br><br>അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്. |
| (സി) | ലൈഫ് പദ്ധതിയിൽ വീട് നിർമ്മാണത്തിന് ആനുകൂല്യം ലഭിക്കുന്നതിന് വാർഷിക വരുമാന പരിധി നിജപ്പെടുത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയാണെന്നും അറിയിക്കുമോ; | (സി) | ഉണ്ട്. മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനം . |
| (ഡി) | ലൈഫ് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരെ സർക്കാർ നേരിട്ടാണോ ചുമതല ഏൽപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ? | (ഡി) | 16.03.2018 തീയതിയിലെ സ.ഉ (കൈ )നം 34/2018/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈഫ് പദ്ധതിയുടെ നിർവഹണം (വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതൊഴികെ) തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരെ നിർവഹണ ഉദ്യോഗസ്ഥരായി സെക്രട്ടറിക്ക് ചുമതലപെടുത്താവുന്നതാണ്.<br>നഗരസഭകളിൽ സെക്രട്ടറിയായിരിക്കും നിർവഹണ ഉദ്യോഗസ്ഥൻ നിർവഹണ സംവിധാനം ഫലപ്രദമാക്കുന്നതിനായി പി.എം.എ.വൈ.(യു) കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ സെക്രട്ടറി പ്രയോജനപ്പെടുത്തേണ്ടതാണ്. കൂടുതൽ ഗുണഭോക്താക്കൾ ഉള്ളിടത്ത് തദ്ദേശ സ്വയംഭരണ സെക്രട്ടറി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിലുള്ള ഉദോഗസ്ഥരെ ഫീൽഡ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**